പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3365 — 21.12.2012 ൽ മറുപടിയ്ക്ക്

"കാർഷിക വിളകൾക്ക് ഇൻഷ്വറൻസ്"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" സി.പി. മുഹമ്മദ്<br>" കെ. മുരളീധരൻ<br>" റ്റി.എൻ. പ്രതാപൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കുന്നതിന് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്ത് കാലാവസ്ഥയെ അടിസ്ഥാന പ്പെടുത്തിയുള്ള ഇൻഷ്വറൻസ് പദ്ധതിക്കായി 2012-13 ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2012 ഖാരിഫ് സീസണിൽ ഇടുക്കി, വയനാട് ജില്ലകളിൽ കുരുമുളക് കൃഷിക്കും പാലക്കാട് ജില്ലയിൽ നെൽകൃഷിക്കും 2012 റാബി സീസണിൽ കണ്ണൂർ, കാസർകോട്, കോഴിക്കോട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ കശുമാവ് കൃഷിക്കും പാലക്കാട് ജില്ലയിൽ വേനൽക്കാല നെൽകൃഷിക്കും പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നു. |
| (ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) കേന്ദ്ര കൃഷി മന്ത്രാലയവും, സംസ്ഥാന കൃഷി വകുപ്പും പൊതുമേഖലയിലുള്ള അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യയും സംയുക്തമായാണ് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം കശുമാവിന് പ്രീമിയത്തിന്റെ 50% വും, നെല്ലിന് 75% വും സബ്സിഡിയായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്നു. കശുമാവിന് ഏക്കറൊന്നിന് പരമാവധി 20,000/- രൂപയും, നെല്ലിന് ഏക്കറൊന്നിന് പരമാവധി 8,000/- രൂപയും ഇൻഷ്വർ ചെയ്യാം. ഇതിലേയ്ക്കായി കർഷകർ അടയ്ക്കേണ്ട രൊക്കം പ്രീമിയം (സബ്സിഡി കിഴിച്ച്) കശുമാവിന് ഏക്കറൊന്നിന് 1,200/- രൂപയും നെല്ലിന് 160/- രൂപയുമാണ്. |

സെക്ഷൻ ഓഫീസർ